C6/2120/2019/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം

തീയതി: 14.10.2019

<u>പരിപത്രം</u>

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനകാര്യം - സർക്കാർ കോളേജുകൾ - ഐ എം ജി - പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽ പെട്ട സർക്കാർ ഉദ്യോഗസ്ഥർക്ക് ഡിപ്പാർട്ട്മെന്റൽ ടെസ്റ്റിന് വേണ്ടിയുള്ള പരിശീലനത്തിന് നാമനിർദേശം ക്ഷണിക്കുന്നത് സംബന്ധിച്ച് (STP - 1419 )

സൂചന :- 27.09.2019 ലെ തിരുവനന്തപുരം ഐ എം ജിഡയറക്ടറുടെ 141 /പി 2/2019/ ഐ എം ജി നമ്പർ കത്ത്

*********

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപെടുന്ന സർക്കാർ ഉദ്യോഗസ്ഥരെ ഡിപ്പാർട്ട്മെന്റൽ ടെസ്റ്റിന് പ്രാപ്തരാക്കുന്നതിനു വേണ്ടിയുള്ള പരിശീലനം ഐ എം ജിയുടെ തിരുവനന്തപുരം , കൊച്ചി ,കോഴിക്കോട് കേന്ദ്രങ്ങളിൽ വെച്ച് 2019 നവംബർ 19 മുതൽ ഡിസംബർ 13 വരെ നടത്തുന്നതാണെന്നു ഐ എം ജി ഡയറക്ടർ അറിയിച്ചിരിക്കുകയാണ് . മേൽ സാഹചര്യത്തിൽ ഈ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നും അടുത്ത ഡിപ്പാർട്ട്മെന്റൽ ടെസ്റ്റിന് വേണ്ടി പി.എസ്.സിയിൽ അപേക്ഷ സമർപ്പിക്കുന്നതും , എല്ലാ പേപ്പറുകളും എഴുതേണ്ടവരുമായ ക്ലാസ്സ് 2, ക്ലാസ്സ് 3 വിഭാഗത്തിലുള്ള പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ ഇതോടൊപ്പമുള്ള പ്രൊഫോർമയിൽ 23/10/2019 നു മുൻപായി ബന്ധപ്പെട്ട ഐ .എം.ജി ഓഫീസുകളിൽ നേരിട്ട് അയച്ചു കൊടുക്കേണ്ടതാണ്.

| പേര് ,തസ്തിക | ജോലി ചെയ്യുന്ന സ്ഥാപനം | ഫോൺ നമ്പർ |
|---|---|---|
| | | |
| | | |

നാമനിർദേശം ചെയ്യുന്ന ഉദ്യോഗാർത്ഥികളിൽ നിന്നും മുൻപ് ഈ പരിശീലന പരിപാടിയിൽ പങ്കെടുത്തിട്ടില്ല എന്നും ഡിപ്പാർട്ട്മെന്റൽ പരീക്ഷ ഭാഗികമായി വിജയിച്ചിട്ടില്ല എന്നും പരിശീലന കാലാവധി മുഴുവനും പരിശീലനത്തിൽ പങ്കെടുത്തു കൊള്ളാമെന്നുമുള്ള ഒരു സാക്ഷ്യപത്രം വാങ്ങി പ്രൊഫോർമയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ് .

Approval Valid

Digitally Approved By

എൻ.എസ്സ്.

ഒപ്പ് /-

**എൻ.എസ്സ്. മിനി**

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

File No.IMG-TVM/141/2019-P2

www.img.kerala.gov.in
e-mail:imgtvpm@gmail.com
ടെലിഫോൺ: 0471 - 2304229
ഫാക്സ്: 0471-2302391

# ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് ഇൻ ഗവൺമെൻറ്

( കേരള സർക്കാരിന്റെ സ്വയംഭരണ സ്ഥാപനം)

വികാസ് ഭവൻ പി.ഓ
തിരുവനന്തപുരം - 695 033

നംപർ. 141/പി2/2019/ഐ.എം.ജി. 27.9.2019

ഡയറക്ടർ
കൊളീജിയേറ്റ് എഡ്യൂക്കേഷൻ വകുപ്പ്
വികാസ് ഭവൻ പി.ഓ
തിരുവനന്തപുരം

സർ,

വിഷയം: ഐ.എം.ജി. - പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് ഡിപ്പാർട്ടുമെൻറൽ ടെസ്റ്റിനു വേണ്ടിയുള്ള പ്രത്യേക പരിശീലനം- (STP - 1419) നാമനിർദ്ദേശം സംബന്ധിച്ച് -

സൂചന: 2019 -20 ട്രെയിനിംഗ് കലണ്ടർ

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥരെ ഡിപ്പാർട്ടുമെൻറൽ ടെസ്റ്റിന് പ്രാപ്തരാക്കുന്നതിനു വേണ്ടിയുള്ള പ്രത്യേക പരിശീലനം ഐ.എം.ജി.യുടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് **കേന്ദ്രങ്ങളിൽ വച്ച് 2019 നവംബർ 19 മുതൽ ഡിസംബർ 13 വരെ നടത്തുന്നതാണ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നി ജില്ലകളിൽ ജോലിചെയ്യുന്നവർ** തിരുവനന്തപുരം ഐ.എം.ജി.യിലും ആലപ്പുഴ, എറണാകുളം, ഇടുക്കി, കോട്ടയം, **തൃശൂർ എന്നി ജില്ലകളിൽ ജോലിചെയ്യുന്നവർ കൊച്ചി** ഐ.എം.ജി.യിലും **കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട്,** മലപ്പുറം, പാലക്കാട് എന്നി **ജില്ലകളിലുള്ളവർ കോഴിക്കോട് ഐ.എം.ജി.യിലുമാണ്** പരിശീലനത്തിന് **പങ്കെടുക്കേണ്ടത്. പരിശീലന കേന്ദ്രം മാറ്റി നൽകുന്നതല്ല. അടുത്ത ഡിപ്പാർട്ടുമെൻറൽ ടെസ്റ്റിനു വേണ്ടി പി.എസ്.സി.യിൽ അപേക്ഷ സമർപ്പിക്കുന്ന ക്ലാസ് 2, ക്ലാസ് 3** വിഭാഗത്തിലുള്ള **ഉദ്യോഗസ്ഥരെ മാത്രമെ പരിശീലനത്തിൽ ഉൾപ്പെടുത്തുകയുള്ളൂ.** ഈ അറിയിപ്പ് താങ്കളുടെ വകുപ്പിലെ അർഹരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന എല്ലാ ഉദ്യോഗസ്ഥർക്കും നൽകുന്നതിനുള്ള നടപടി കൈക്കൊള്ളണമെന്നും, ഡിപ്പാർട്ടുമെൻറൽ പരീക്ഷയിൽ എല്ലാ പേപ്പറുകളും എഴുതേണ്ടവരായ ഉദ്യോഗസ്ഥരെ മാത്രം പരിശീലന പരിപാടിയിലേയ്ക്ക് നാമ നിർദ്ദേശം ചെയ്യണമെന്നും അഭ്യർത്ഥിക്കുന്നു. *മുൻപ് ഈ പരിശീലനം ലഭിച്ചവരെയും ഏതെങ്കിലും പ്രത്യേക വിഷയങ്ങൾ മാത്രം എഴുതുന്നവരെയും വീണ്ടും നാമനിർദ്ദേശം ചെയ്യേണ്ടതില്ല.* അപേക്ഷയോടൊപ്പം മുൻപ് ഈ പരിശീലന പരിപാടിയിൽ പങ്കെടുത്തിട്ടില്ല എന്നും ഡിപ്പാർട്ടുമെൻറൽ പരീക്ഷ ഭാഗികമായി വിജയിച്ചിട്ടില്ല എന്നും പരിശീലന കാലാവധി മുഴുവനും പരിശീലനത്തിൽ പങ്കെടുത്തുകൊള്ളാമെന്നുമുള്ള ഒരു സാക്ഷ്യപത്രം ഉള്ളടക്കം ചെയ്യേണ്ടതാണ്.

നാമനിർദ്ദേശം താഴെ പറയുന്ന മേൽവിലാസങ്ങളിൽ അയക്കേണ്ടതാണ്.

| | |
|---|---|
| ഐ.എം.ജി. തിരുവനന്തപുരം | ഡയറക്ടർ<br>ഐ.എം.ജി. വികാസ് ഭവൻ പി.ഒ<br>തിരുവനന്തപുരം - 695 033 |
| ഐ.എം.ജി. കൊച്ചി | റീജിയണൽ ഡയറക്ടർ<br>ഐ.എം.ജി. പ്രാദേശിക കേന്ദ്രം കാക്കനാട്,<br>കൊച്ചി - 682 030 |
| ഐ.എം.ജി. കോഴിക്കോട് | റീജിയണൽ ഡയറക്ടർ<br>ഐ.എം.ജി. പ്രാദേശിക കേന്ദ്രം<br>മെഡിക്കൽ കോളേജ് കാമ്പസ്<br>കോഴിക്കോട്- 673 008 |

പരിശീലനത്തിന് നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ ഓദ്യോഗിക മേ വിലാസവും, ഫോൺ നമ്പരും നാമനിർദ്ദേശത്തോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് ശ്രീ.കെ.കെ.രാജഗോപാലൻ നായർ, അസോസിയേറ്റ് ഫെല്ലോ & കോഴ്സ് ഡയറക്ടർ (Phone - 9074825944/9074286701), സെക്ഷൻ ഓഫീസർ പരിശീലന വിഭാഗം (ഫോൺ - 0471 - 2304229 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

പ്രത്യേക ശ്രദ്ധയ്ക്ക് :

1. നാമനിർദ്ദേശം 23.10.2019 ന് മുൻപ് ഐ.എം.ജി.യുടെ ബന്ധപ്പെ ഓഫീസുകളിൽ ലഭിച്ചിരിക്കേണ്ടതാണ്.
2. പേര് നിർദ്ദേശിക്കപ്പെടുന്നവരെ പരിശീലനത്തിന് തെരഞ്ഞെടുത്തതാ ഐ.എം.ജി.യിൽ നിന്നും അറിയിപ്പു ലഭിച്ചതിനുശേഷം മാത്രമേ വിടുത ചെയ്യേണ്ടതുള്ളൂ.

വിശ്വസ്തതയോ

Mary Mel

സെക്രട്ട